**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 136** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. പി.പി. സുമോദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കലാ-കായിക മേഖലകളിൽ കഴിവുതെളിയിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | (എ) (a) കലാ-കായിക മേഖലകളിൽ കഴിവു തെളിയിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന 'ശ്രേഷ്ഠം' പദ്ധതി നടപ്പിലാക്കി വരുന്നു. അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് ഭിന്നശേഷിക്കാർക്കായി കലാ-കായിക മൽസരങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്.<br><br>(b) നിഷിൽ എല്ലാ വർഷവും ഇൻക്ലൂസീവ് കായിക ദിനം സംഘടിപ്പിക്കുകയും വിജയികൾക്ക് പ്രോത്സാഹന സമ്മാനവും നൽകി വരുന്നു. എല്ലാ വർഷവും ഇതിൽ ഏകദേശം 400 ഓളം ഭിന്നശേഷിക്കാരായ കുട്ടികൾ പങ്കെടുക്കാറുണ്ട്. കൂടാതെ ഭിന്നശേഷ് ദേശീയതല മത്സരങ്ങളിൽ ഗോൾഡ്, സിൽവർ, ബ്രോൺസ് ലഭിച്ച കുട്ടികൾക്ക് നിഷിന്റെ വാർഷികാഘോഷത്തിൽ ക്യാഷ് പ്രൈസ് നൽകി വരുന്നുണ്ട്.<br><br>(c) കേരള സാമൂഹ്യ സുരക്ഷാ മിഷനും (KSSM) കേരള ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ സ്റ്റാറ്റജിക് കൗൺസിലും (KDISC) സംയുക്തമായി നടപ്പാക്കുന്ന Talent Search for Youth with Disabilitiesഎന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കലാ-സാഹിത്യ മേഖലകളിൽ കഴിവും പ്രാഗത്ഭ്യവും തെളിയിച്ചിട്ടുള്ള ഭിന്നശേഷിക്കാരെ അവർക്ക് അനുകൂലമായ സാഹചര്യങ്ങളും വിവിധ സഹായ സംവിധാനങ്ങളും ലഭ്യമാക്കി |

| | | | | |
|---|---|---|---|---|
| | | | | അവരുടെ കഴിവുകളെ പരിപോഷിപ്പിക്കുക എന്നതാണ് ഈ പരിപാടിയുടെ ഉദ്ദേശ്യം.<br><br>സാമൂഹ്യനീതി വകുപ്പ്, സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്, നിപ്മർ, നിഷ് എന്നീ സ്ഥാപനങ്ങൾ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദമായി അനുബന്ധം 1, 2, 3, 4 എന്നിങ്ങനെ ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | | (ബി) **സാമൂഹ്യനീതി വകുപ്പ്** മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് വിദ്യാജ്യോതി, വിദൂര വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ധനസഹായം, ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വിജയാമൃതം എന്നീ പദ്ധതികളും കലാ-കായിക മേഖലയുമായി ബന്ധപ്പെട്ട് ശ്രേഷ്ഠം പദ്ധതിയും ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠനത്തിനും മറ്റു പ്രവർത്തനങ്ങളിലും സഹായിക്കുന്ന NSS/NCC/SPC യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിനായി സഹചാരി പദ്ധതിയും നടപ്പിലാക്കുന്നു. (ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു)<br><br>**സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്** മുഖാന്തിരം അനുയാത്രാ എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. (ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു)<br><br>**നിപ്മർ** മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷന് (Em-Voc), ഭിന്നശേഷിക്കാർക്ക് സ്പോർട്സ് ആന്റ് ഗെയിം ആക്ടിവിറ്റി സോൺ എന്നിവ നടപ്പിലാക്കി വരുന്നു. (വിശദാംശങ്ങൾ അനുബന്ധം-3 ആയി ഉള്ളടക്കം ചെയ്യുന്നു)<br><br>**നിഷ്** മുഖേന ശ്രവണപരിമിതർക്കായുള്ള ബിരുദ കോഴ്സുകൾ നടത്തി വരുന്നു. കൂടാതെ കേൾവി-സംസാരവുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട പ്രശ്നങ്ങൾക്കുള്ള സേവനങ്ങളും കുട്ടികളിലെ നാഡിവ്യൂഹവളർച്ചയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കുള്ള സേവനവും നാഡീവികാസപരമായ തകരാറുകൾ, ജനിതക തകരാറുകൾ, പഠനപരിമിതികൾ തുടങ്ങിയ പ്രശ്നങ്ങളുള്ള കുട്ടികൾക്കുള്ള പരിശീലനങ്ങളും Early intervention programmeകളും കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ പ്രവർത്തന ക്ഷമത വിലയിരുത്താനുള്ള ശ്രുതി തരംഗം പദ്ധതിയും, ആക്സസബിൾ ബുക്ക് ക്രീയേഷൻ പദ്ധതിയും, സ്ട്രക്ച്ചേർഡ് ആന്റ് ടൈംലി എംപവർമെന്റ് ഓഫ് പേരന്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി, ഇന്നവേഷൻ ബൈ യൂത്ത് വിത്ത് ഡിസെബിലിറ്റീസ്, സഫൽ സെൻസറിയം, ഏകികൃത ആംഗ്യഭാഷാ അക്ഷരമാല വികസനം, ഓൺലൈൻ ഡിസെബിലിറ്റി അവയർനെസ് സെമിനാർ (NIDAS) എന്നിവയും നടപ്പിലാക്കുന്നു. (ആയതിന്റ് വിശദാംശങ്ങൾ അനുബന്ധം-4 ആയി ഉള്ളടക്കം ചെയ്യുന്നു) |
| (സി) | ഇതിനായി ഹോർട്ടികൾച്ചറൽ തെറാപ്പി പ്രയോജനപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | നിപ്മർ മുഖേന 18 വയസ്സിന് മുകളിലുള്ള ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ പദ്ധതിയുടെ ഭാഗമായി ഹോർട്ടികൾച്ചർ ട്രെയിനിംഗ് നൽകി വരുന്നുണ്ട്.<br><br>ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ നടത്തുന്നതിന്റെ ഭാഗമായി ഒരു സമഗ്ര പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ 2018 മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ- സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നടപ്പാക്കി വരുന്നു. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് വിഭാഗം വഴിയാണ് ഹോർട്ടികൾച്ചർ തെറാപ്പിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നത്.<br><br>ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും തെറാപ്പി നൽകുകയും അവരെ ശാക്തീകരിച്ച് സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള ആത്മ വിശ്വാസം അവരിൽ ഉണ്ടാക്കിയെടുക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വെള്ളായണി |

| | | | |
|---|---|---|---|
| | | | കാർഷിക കോളേജിൽ ഒരു ഭിന്നശേഷി സൗഹൃദ മാതൃകാ ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡനും സജ്ജമാക്കിയിട്ടുണ്ട്. പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി 2023-24 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലും ഈ പദ്ധതി നടപ്പിലാക്കുകയുണ്ടായി, ഒന്നാം ഘട്ട പരിശീലന പരിപാടികൾ ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ വിപുലീകരണത്തിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ 'ഹോർട്ടികൾച്ചർ തെറാപ്പി ഫെസിലിറ്റേറ്റർ' മാരെ സജ്ജമാക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിനായി എല്ലാ ജില്ലകളിലും ഹോർട്ടികൾച്ചർ തെറാപ്പി സംബന്ധിച്ച പരിശീലനങ്ങൾ നൽകുന്നതിനും, ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡൻ തയ്യാറാക്കുന്നതിനുള്ള സഹായങ്ങൾ നൽകുന്നതിനുമായി 'ഹോർട്ടികൾച്ചർ തെറാപ്പി ഫെസിലിറ്റേറ്റർ' എന്ന രീതിയിൽ ഒരു എക്സ്പെർട്ട് ടീം പദ്ധതിയുടെ ഭാഗമായി രൂപീകരിക്കുകയും, ഒരു ജില്ലയിൽ നിന്നും ഈ മേഖലയിൽ താല്പര്യമുള്ള 5 പേരെ തെരഞ്ഞെടുത്ത് അവർക്ക് ആവശ്യമായ പരിശീലനം കാർഷിക സർവ്വകലാശാല വഴി നൽകി ഇവരെ ഹോർട്ടികൾച്ചർ തെറാപ്പി ഫെസിലിറ്റേറ്റർമാരായി സജ്ജമാക്കുക എന്നതാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>ഓരോ ജില്ലയിൽ നിന്നും തെരെഞ്ഞെടുക്കുന്ന ഫെസിലിറ്റേറ്റർമാർ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അതാത് ജില്ലകളിൽ ഫെസിലിറ്റേറ്റ് ചെയ്യുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ പടന്നകാട് കാർഷിക കോളേജിലും, വെള്ളായണി കാർഷിക കോളേജിലുമായി അഡോൾസെന്റ് വിത്ത് ഡിസെബിലിറ്റീസിൽ 55 ഫെസിലിറ്റേഴ്സിനും മറ്റ് വിഭാഗത്തിലായി 386 പേർക്കും പരിശീലനം നൽകി കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *136 20.06.2024- ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ശാക്തീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം എസ് അരുൺ കുമാർ<br>ശ്രീ. കെ.വി.സുമേഷ്<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ. പി.പി. സുമോദ് | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കലാ-കായിക മേഖലകളിൽ കഴിവുതെളിയിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) (a) കലാ-കായിക മേഖലകളിൽ കഴിവു തെളിയിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന 'ശ്രേഷ്ഠം' പദ്ധതി നടപ്പിലാക്കി വരുന്നു. അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് ഭിന്നശേഷിക്കാർക്കായി കലാ-കായിക മൽസരങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്.<br>(b) നിഷിൽ എല്ലാ വർഷവും ഇൻക്ലൂസീവ് കായിക ദിനം സംഘടിപ്പിക്കുകയും വിജയികൾക്ക് പ്രോത്സാഹന സമ്മാനവും നൽകി വരുന്നു. എല്ലാ വർഷവും ഇതിൽ ഏകദേശം 400 ഓളം ഭിന്നശേഷിക്കാരായ കുട്ടികൾ പങ്കെടുക്കാറുണ്ട്. കൂടാതെ ഭിന്നശേഷി ദേശീയതല മത്സരങ്ങളിൽ ഗോൾഡ്, സിൽവർ, ബ്രോൺസ് ലഭിച്ച കുട്ടികൾക്ക് നിഷിന്റെ വാർഷികാഘോഷത്തിൽ ക്യാഷ് പ്രൈസ് നൽകി വരുന്നുണ്ട്.<br>(c) കേരള സാമൂഹ്യ സുരക്ഷാ മിഷനും (KSSM) കേരള ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലും |

| | |
|---|---|
| | (KDISC) സംയുക്തമായി നടപ്പാക്കുന്ന Talent Search for Youth with Disabilities എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കലാ-സാഹിത്യ മേഖലകളിൽ കഴിവും പ്രാഗത്ഭ്യവും തെളിയിച്ചിട്ടുള്ള ഭിന്നശേഷിക്കാരെ അവർക്ക് അനുകൂലമായ സാഹചര്യങ്ങളും വിവിധ സഹായ സംവിധാനങ്ങളും ലഭ്യമാക്കി അവരുടെ കഴിവുകളെ പരിപോഷിപ്പിക്കുക എന്നതാണ് ഈ പരിപാടിയുടെ ഉദ്ദേശ്യം.<br>സാമൂഹ്യനീതി വകുപ്പ്, സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്, നിപ്മർ, നിഷ് എന്നീ സ്ഥാപനങ്ങൾ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദമായി അനുബന്ധം 1, 2, 3, 4 എന്നിങ്ങനെ ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) **സാമൂഹ്യനീതി വകുപ്പ്** മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് വിദ്യാജ്യോതി, വിദൂര വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ധനസഹായം, ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വിജയാമൃതം എന്നീ പദ്ധതികളും കലാ-കായിക മേഖലയുമായി ബന്ധപ്പെട്ട് ശ്രേഷ്ഠം പദ്ധതിയും ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠനത്തിനും മറ്റു പ്രവർത്തനങ്ങളിലും സഹായിക്കുന്ന NSS/NCC/SPC യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിനായി സഹചാരി പദ്ധതിയും നടപ്പിലാക്കുന്നു. (ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-1 ആയി |

| | |
|---|---|
| | ഉള്ളടക്കം ചെയ്യുന്നു)<br>**സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്** മുഖാന്തിരം അനുയാത്രാ എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. (ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു)<br>**നിപ്മർ** മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ (Em-Voc), ഭിന്നശേഷിക്കാർക്ക് സ്പോർട്സ് ആന്റ് ഗെയിം ആക്റ്റിവിറ്റി സോൺ എന്നിവ നടപ്പിലാക്കി വരുന്നു. (വിശദാംശങ്ങൾ അനുബന്ധം-3 ആയി ഉള്ളടക്കം ചെയ്യുന്നു)<br>**നിഷ്** മുഖേന ശ്രവണപരിമിതർക്കായുള്ള ബിരുദ കോഴ്സുകൾ നടത്തി വരുന്നു. കൂടാതെ കേൾവി-സംസാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കുള്ള സേവനങ്ങളും കുട്ടികളിലെ നാഡിവ്യൂഹവളർച്ചയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കുള്ള സേവനവും നാഡീവികാസപരമായ തകരാറുകൾ, ജനിതക തകരാറുകൾ, പഠനപരിമിതികൾ തുടങ്ങിയ പ്രശ്നങ്ങളുള്ള കുട്ടികൾക്കുള്ള പരിശീലനങ്ങളും Early intervention programme കളും കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ പ്രവർത്തന ക്ഷമത വിലയിരുത്താനുള്ള ശ്രുതി തരംഗം പദ്ധതിയും, ആക്സസബിൾ ബുക്ക് ക്രിയേഷൻ പദ്ധതിയും, സ്ട്രക്ച്ചേർഡ് ആന്റ് ടൈംലി എംപവർമെന്റ് ഓഫ് പേരന്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി, ഇന്നവേഷൻ ബൈ യൂത്ത് വിത്ത് ഡിസെബിലിറ്റീസ്, സഫൽ സെൻസറിയം, |

| | |
|---|---|
| | ഏകികൃത ആംഗ്യഭാഷാ അക്ഷരമാല വികസനം, ഓൺലൈൻ ഡിസെബിലിറ്റി അവയർനെസ് സെമിനാർ (NIDAS) എന്നിവയും നടപ്പിലാക്കുന്നു. (ആയതിന്റ് വിശദാംശങ്ങൾ അനുബന്ധം-4 ആയി ഉള്ളടക്കം ചെയ്യുന്നു) |
| (സി) ഇതിനായി ഹോർട്ടികൾച്ചറൽ തെറാപ്പി പ്രയോജനപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) നിപ്മർ മുഖേന 18 വയസ്സിന് മുകളിലുള്ള ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ പദ്ധതിയുടെ ഭാഗമായി ഹോർട്ടികൾച്ചർ ട്രെയിനിംഗ് നൽകി വരുന്നുണ്ട്.<br>ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ നടത്തുന്നതിന്റെ ഭാഗമായി ഒരു സമഗ്ര പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ 2018 മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ-സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നടപ്പാക്കി വരുന്നു. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് വിഭാഗം വഴിയാണ് ഹോർട്ടികൾച്ചർ തെറാപ്പിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നത്.<br>ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും തെറാപ്പി നൽകുകയും അവരെ ശാക്തീകരിച്ച് സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള ആത്മ വിശ്വാസം അവരിൽ ഉണ്ടാക്കിയെടുക്കുകയും ചെയ്യുക എന്നതാണ് ഈ |

| | |
|---|---|
| | പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ ഒരു ഭിന്നശേഷി സൗഹൃദ മാതൃകാ ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡനും സജ്ജമാക്കിയിട്ടുണ്ട്. പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി 2023–24 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലും ഈ പദ്ധതി നടപ്പിലാക്കുകയുണ്ടായി, ഒന്നാം ഘട്ട പരിശീലന പരിപാടികൾ ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ വിപുലീകരണത്തിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ 'ഹോർട്ടികൾച്ചർ തെറാപ്പി ഫെസിലിറ്റേറ്റർ' മാരെ സജ്ജമാക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിനായി എല്ലാ ജില്ലകളിലും ഹോർട്ടികൾച്ചർ തെറാപ്പി സംബന്ധിച്ച പരിശീലനങ്ങൾ നൽകുന്നതിനും, ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡൻ തയ്യാറാക്കുന്നതിനുള്ള സഹായങ്ങൾ നൽകുന്നതിനുമായി 'ഹോർട്ടികൾച്ചർ തെറാപ്പി ഫെസിലിറ്റേറ്റർ' എന്ന രീതിയിൽ ഒരു എക്സ്പെർട്ട് ടീം പദ്ധതിയുടെ ഭാഗമായി രൂപീകരിക്കുകയും, ഒരു ജില്ലയിൽ നിന്നും ഈ മേഖലയിൽ താല്പര്യമുള്ള 5 പേരെ തെരഞ്ഞെടുത്ത് അവർക്ക് ആവശ്യമായ പരിശീലനം കാർഷിക സർവ്വകലാശാല വഴി നൽകി ഇവരെ ഹോർട്ടികൾച്ചർ തെറാപ്പി ഫെസിലിറ്റേറ്റർമാരായി സജ്ജമാക്കുക |

| | |
|---|---|
| | എന്നതാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഓരോ ജില്ലയിൽ നിന്നും തെരെഞ്ഞെടുക്കുന്ന ഫെസിലിറ്റേറ്റർമാർ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അതാത് ജില്ലകളിൽ ഫെസിലിറ്റേറ്റ് ചെയ്യുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ പടന്നകാട് കാർഷിക കോളേജിലും, വെള്ളായണി കാർഷിക കോളേജിലുമായി അഡോൾസെന്റ് വിത്ത് ഡിസെബിലിറ്റീസിൽ 55 ഫെസിലിറ്റേഴ്സിനും മറ്റു വിഭാഗത്തിലായി 386 പേർക്കും പരിശീലനം നൽകി കഴിഞ്ഞിട്ടുണ്ട്. |

Jasmin Thomas

സെക്ഷൻ ഓഫീസർ

# <u>വിശദീകരണ കുറിപ്പ്</u>

കലാകായിക മേഖലകളിൽ പങ്കെടുക്കുന്ന/മികവു പുലർത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അവരുടെ കഴിവ്/കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തെ / രാജ്യത്തെ അംഗീകൃതസ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് 'ശ്രേഷ്ഠം.' ഭിന്നശേഷിത്വം ബാധിച്ച് വീട്ടിൽ ഒതുങ്ങിക്കഴിയുന്ന അവസ്ഥ ഒഴിവാക്കി, മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിനും വൈകല്യത്തോട് പൊരുതി കലാ കായിക ഇനങ്ങളിൽ പങ്കെടുക്കുന്നതിനും അതുവഴി അവരുടെ കഴിവുകൾ വളർത്തിയെടുത്ത് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുന്നതിനുമുള്ള പ്രോത്സാഹനം എന്നതരത്തിൽ 2021-22 വർഷം മുതൽ ശ്രേഷ്ഠം പദ്ധതി നടപ്പിലാക്കി വരുന്നു. സാമ്പത്തികശേഷി കുറഞ്ഞവരും, 40 ശതമാനവും അതിനു മുകളിലും ഭിന്നശേഷിത്വമുള്ളവരുമായ RPwD Act അനുശാസിക്കുന്ന എല്ലാ വിഭാഗം ഭിന്നശേഷിക്കാർക്കും ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന്റെയും കലാ കായിക രംഗത്തെ മികവിന്റെയും അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിച്ചു വരുന്നു. ഒരു ജില്ലയിലെ കലാ മേഖലയിൽ നിന്നുള്ള 5 പേർക്കും കായിക മേഖലയിൽ നിന്നുള്ള 5 പേർക്കുമായി ആകെ 10 പേർക്ക് 10,000/- രൂപ വീതം ധനസഹായം അനുവദിക്കുന്നു.

അന്താരാഷ്ട്ര ഭിന്നശേഷി ദിനമായ ഡിസംബർ 3 നോടനുബന്ധിച്ച് എല്ലാ ജില്ലകളിലും ജില്ലാതല കലാ-കായിക മത്സര പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

നിഷിൽ എല്ലാ വർഷവും ഇൻക്ലൂസീവ് കായിക ദിനം സംഘടിപ്പിക്കുകയും വിജയികൾക്ക് പ്രോത്സാഹന സമ്മാനവും നൽകിവരുന്നു. എല്ലാ വർഷവും ഇതിൽ ഏകദേശം 400 ഭിന്നശേഷിക്കാരായ കുട്ടികൾ പങ്കെടുക്കുന്നു. ഭിന്നശേഷി ദേശീയതല മത്സരങ്ങളിൽ ഗോൾഡ്, സിൽവർ, ബ്രോൺസ് ലഭിച്ച കുട്ടികൾക്ക് നിഷിന്റെ വാർഷികാഘോഷത്തിൽ ക്യാഷ് പ്രൈസ് നൽകി വരുന്നുണ്ട്.

കേരള സാമൂഹ്യ സുരക്ഷാ മിഷനും (KSSM) കേരള ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ സ്റ്റാർറ്റജിക് കൗൺസിലും (KDISC) സായുക്തമായി നടപ്പാക്കുന്ന Talent Search for Youth with Disabilities എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കലാ-സാഹിത്യ മേഖലകളിൽ കഴിവും പ്രാഗത്ഭ്യവും തെളിയിച്ചിട്ടുള്ള ഭിന്നശേഷിക്കാരെ അവർക്ക് അനുകൂലമായ സാഹചര്യങ്ങളും വിവിധ സഹായ സംവിധാനങ്ങളും ലഭ്യമാക്കി അവരുടെ കഴിവുകളെ പരിപോഷിപ്പിക്കുക എന്നതാണ് ഈ പരിപാടിയുടെ ഉദ്ദേശ്യം.

ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി സാമൂഹ്യനീതി വകുപ്പും വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളും നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതികൾ ചുവടെ ചേർക്കുന്നു.

**<u>സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

- <u>വിദ്യാജ്യോതി പദ്ധതി</u>

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരായ ഒൻപതാം ക്ലാസ്സ് മുതൽ PG തലം വരെയുള്ള വിദ്യാർത്ഥികൾക്ക് പഠന അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകി വരുന്നു. മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2023 –24 സാമ്പത്തിക വർഷം 588 പേർക്കായി 13,09,078/– രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

- <u>വിദൂര വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ധനസഹായപദ്ധതി</u>

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായവർക്ക് ഓപ്പൺ സ്കൂൾ / കോളേജ്, വിദൂര വിദ്യാഭ്യാസം എന്നീ സംവിധാനങ്ങളിലൂടെ ഡിഗ്രി തലത്തിലും പി. ജി. തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വർഷം പരമാവധി 10,000/– രൂപ ധനസഹായം നൽകുന്നു. മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2023 –24 സാമ്പത്തിക വർഷം 2 പേർക്കായി 14895/– രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

- <u>വിജയാമൃതം പദ്ധതി</u>

വൈകല്യത്തോട് പൊരുതി പഠിച്ച് കേരള സർക്കാർ അംഗീകൃത ഡിഗ്രി/തത്തുല്യ കോഴ്സുകൾ, പി.ജി./പി.ജി. ക്ക് തത്തുല്യമായ പ്രൊഫഷണൽ കോഴ്സുകൾ എന്നീ തലത്തിൽ നേരിട്ടോ വിദൂര വിദ്യാഭ്യാസം/പാരലൽ വിദ്യാഭ്യാസം വഴിയോ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 2023–24 സാമ്പത്തിക വർഷം 27 പേർക്കായി 3,63,661/– രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

- <u>ശ്രേഷ്ഠം പദ്ധതി</u>

ഭിന്നശേഷിക്കാർക്ക് കലാകായിക രംഗങ്ങളിൽ തുല്യത ഉറപ്പുവരുത്തുന്നതിനായി, ഈ മേഖലകളിൽ പങ്കെടുക്കുന്ന/മികവു പുലർത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അവരുടെ കഴിവ് / കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃതസ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നതിന് ധനസഹായം നൽകുന്നു.

- <u>സഹചാരി പദ്ധതി</u>

ഗവൺമെന്റ്, എയ്ഡഡ്, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠന കാര്യത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതും വിദ്യഭ്യാസ സ്ഥാപനത്തിന് പുറത്തും ഭിന്നശേഷിക്കാർക്കായി നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിലും മറ്റ്

പരിപാടികളിലും സഹായിക്കുന്നതുമായ NSS/NCC/SPC യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ് സഹചാരി പദ്ധതി. പ്രസ്തുത പദ്ധതി മുഖാന്തിരം 2023-24 സാമ്പത്തിക വർഷം 5 പേർക്കായി 43,211 /- രൂപ അനുവദിച്ചു.

- <u>ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്</u>

40 % യോഗ്യതാ മാർക്കുള്ള ഒന്നാം ക്ലാസ് മുതൽ പ്രൊഫഷണൽ, പി.ജി. കോഴ്സസ് വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണ് ഇത്. 2023-24 സാമ്പത്തിക വർഷം 18 വിദ്യാർത്ഥികൾക്കായി 1,87,000/-രൂപ അനുവദിച്ചു.

**<u>നിപ്മർ മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

- <u>എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ (Em-Voc)</u>

ഭിന്നശേഷിക്കാരായ 18 വയസ്സിന് മുകളിലുള്ള കുട്ടികളുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനായി എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ (Em-Voc) പദ്ധതി നടപ്പിലാക്കി വരുന്നു. Em-Voc പദ്ധതിയിൽ പ്രത്യേക തൊഴിൽ മേഖലയിലെ അഭിരുചി, ശാരീരിക, മാനസിക ക്ഷമത എന്നിവ വിലയിരുത്തി അനുയോജ്യമായ ട്രേഡിൽ പരിശീലനം നൽകുന്നു.

- <u>ഭിന്നശേഷിക്കാർക്ക് സ്പോർട്സ് ആന്റ് ഗെയിം ആക്ടിവിറ്റി സോൺ</u>

ഭിന്നശേഷിക്കാരുടെ മാനസിക ഉല്ലാസത്തിനൊപ്പം തെറാപ്പിയുടെ ഭാഗമായും ഉപയോഗിക്കാവുന്ന രീതിയിൽ സജ്ജീകരിച്ചിരിക്കുന്ന യൂണിറ്റാണ് സ്പോർട്സ് ആന്റ് ഗെയിം ആക്ടിവിറ്റി സോൺ. സ്കേറ്റിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഇവിടെ നടപ്പിലാക്കുന്നു.

**<u>നിഷ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

- ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വിജ് പതോളജി വിഭാഗം-കുട്ടികളുടെയും മുതിർന്നവരുടെയും കേൾവിശക്തി പരിശോധിച്ച് അനുയോജ്യമായ ശ്രവണസഹായി നിർദ്ദേശിക്കുകയും ചെവിയുടെ അളവിനനുസരിച്ച് ഇയർമോൾഡ് നിർമ്മിച്ച് ശ്രവണസഹായി ഘടിപ്പിക്കുകയും ശ്രവണ പരിശീലനം നൽകുകയും ചെയ്യുന്നു.
- ന്യൂറോ ഡെവലപ്മെന്റൽ സയൻസസ് വിഭാഗം-കുട്ടികളിലെ നാഡീവ്യൂഹ വളർച്ചയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് സേവനങ്ങൾ നൽകുന്നു.
- ഒക്യുപേഷണൽ തെറാപ്പി-ഓട്ടിസം, നാഡീവികാസപരമായ തകരാറുകൾ, ജനിതക തകരാറുകൾ, പഠനപരിമിതികൾ, അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ തുടങ്ങിയ പ്രശ്നങ്ങളുള്ള കുട്ടികൾക്ക്

ശരിയായ പ്രതികരണശേഷിയും, പെരുമാറ്റരീതിയും വളർത്തിയെടുത്ത് ദൈനംദിന ജീവിതത്തിൽ സ്വയം പര്യാപ്തരാക്കാൻ പരിശീലിപ്പിക്കുന്നു.

- കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ പ്രവർത്തന ക്ഷമത വിലയിരുത്താനുള്ള ' ശ്രുതി തരംഗം'.
- EIP – ആക്സസബിൾ ബുക്ക് ക്രിയേഷൻ പദ്ധതി
- സ്ട്രക്ച്ചേർഡ് ആന്റ് ടൈംലി എംപവർമെന്റ് ഓഫ് പേരന്റ്സ് ഓഫ് പേഴ്സൺസ് വിത് ഡിസെബിലിറ്റി (STEPP)
- ഇന്നവേഷൻ ബൈ യൂത്ത് വിത് ഡിസെബിലിറ്റീസ് (I-YwD)
- നിഷ്-സെൻസറി പാർക്ക് 'സഫൽ സെൻസറിയം'
- ഏകീകൃത ആംഗ്യഭാഷാ അക്ഷരമാല വികസനം
- കേരളാഗവൺമെന്റ് സ്ഥാപനങ്ങളുമായി ചേർന്ന്, ഓൺലൈൻ ഡിസെബിലിറ്റി അവയർനസ്സ് സെമിനാർ (NIDAS)
- കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ ശ്രവണ പരിമിതർക്കായുള്ള ബിരുദകോഴ്സുകൾ (കമ്പ്യൂട്ടർ സയൻസ്, ഫൈൻ ആർട്സ്, കൊമേഴ്സ്) നടത്തുന്നു.

**സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് – അനുയാത്രാ പദ്ധതിയിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് നടത്തുന്ന പദ്ധതികൾ**

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട പദ്ധതികൾ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിലൂടെ (SID) ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. വൈകല്യങ്ങൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുക, വൈകല്യം എത്രയും നേരത്തെ കണ്ടെത്തുക, ആവശ്യമായ ഇടപെടലുകളിലൂടെ വൈകല്യത്തിന്റെ തീവ്രത ലഘൂകരിക്കുക (Early Screening, Early Detections and Early Intervention), ഇതിനാവശ്യമായ സ്ഥാപന സംവിധാനങ്ങളുമായി Organized Network of Institution സ്ഥാപിക്കുക എന്ന സമീപനത്തിലധിഷ്ഠിതമായാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നടപ്പാക്കി വരുന്നത്. 2017 ജൂൺ മാസം മുതൽ അനുയാത്ര എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടിയുടെ ഭാഗമായാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പ്രോജക്ടുകളുടെ നിർവ്വഹണം നടത്തി വരുന്നത്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ, ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ചാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതികൾ നടപ്പാക്കുന്നത്.

1. സർക്കാർ ആശുപത്രികളിൽ നവജാത ശിശുക്കളുടെ കേൾവി പരിശോധന:

കുഞ്ഞുങ്ങളിലെ കേൾവി സംബന്ധമായ പ്രശ്ങ്ങൾ എത്രയും നേരത്തെ കണ്ടെത്തി

ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനായി ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 61 സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. മറ്റു ആശുപത്രികളിൽ ജനിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രങ്ങളിലെത്തി സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി പരിശിലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. പ്രസവശേഷം അമ്മയും കുഞ്ഞും ആശുപത്രി വിടുന്നതിന് മുൻപായി തന്നെ കുഞ്ഞുങ്ങളുടെ കേൾവി പരിശോധന നടത്തുന്നു. ഈ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ, JPHN മാരുടെ വേതനം, പരിശീലനം തുടങ്ങിയവ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിൽ നിന്നും നൽകുന്നു. പ്രതിവർഷം സംസ്ഥാനത്ത് ശരാശരി 1,20,000 ലധികം കുട്ടികളുടെ കേൾവി പരിശോധന ഈ പദ്ധതിയിലൂടെ നടത്തുകയും കേൾവി പ്രശ്നങ്ങൾ കണ്ടെത്തുന്ന കുട്ടികൾക്കാവശ്യമായ തുടർ പ്രവർത്തനങ്ങൾ ഒരുക്കുകയും ചെയ്യുന്നു.

2. <u>കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA പരിശോധന :</u>

നവജാത ശിശുക്കളുടെ കേൾവി പരിശോധനയിൽ കേൾവി പ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA (Brain Evoked Response Audiometry) സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ ജില്ലാ/ജനറൽ ആശുപത്രികളിൽ പ്രവർത്തിക്കുന്ന നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നെസ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്.

3. <u>ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ :</u>

കേൾവി പ്രശ്നം സ്ഥിതീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും, കോക്ലിയാർ ഇംപ്ലാന്റേഷൻ ആവശ്യമുള്ളവർക്കും ഇംപ്ലാന്റേഷന് മുൻപുള്ള പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും ഇംപ്ലാന്റേഷന് ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും നൽകുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (NIPMR), കോഴിക്കോടും തിരുവനന്തപുരത്തുമുള്ള സർക്കാർ മെഡിക്കൽ കോളേജുകളിലെ ENT വിഭാഗം എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ച് നൽകിയിട്ടുണ്ട്.

4. <u>റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റർ :</u>

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി

ഇന്റെർവെൻഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്കാണ് ഈ കേന്ദ്രങ്ങളിലൂടെ സേവനം നൽകുന്നത്. ഇവരിൽ തന്നെ അനുബന്ധ രോഗങ്ങൾ ഉള്ളവർ, പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിൽ നിന്നും refer ചെയ്യുന്നവർ, എന്നിവർക്കാണ് റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്ററുകളിൽ മുൻഗണന നൽകുന്നത്. സ്ക്രീനിംഗ്, ഏർളി ഇന്റെർവെൻഷൻ, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സ തുടങ്ങിയവ ഈ സെന്ററുകളിലൂടെ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ വിഭാഗത്തിലെ ഒരു പ്രൊഫസർ / അസിസ്റ്റന്റ് പ്രൊഫസർ ആണ് ഈ കേന്ദ്രത്തിന്റെ നോഡൽ ഓഫീസർ. ഓരോ കേന്ദ്രത്തിലും ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെന്റൽ തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ് ഒക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ എന്നീ വിദഗ്ധരുടെ സേവനവും REIC മാനേജരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. പ്രതിവർഷം ശരാശരി 25,000 കുട്ടികൾക്ക് ഈ കേന്ദ്രങ്ങളിലൂടെ സേവനം ലഭ്യമാക്കി വരുന്നുണ്ട്.

5. <u>മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ :</u>

ഭിന്നശേഷിക്കാർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പി സൗകര്യം ലഭ്യമാക്കുന്നതിന് 25 മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെന്റൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം.) മുഖേനയാണ് മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്.

6. <u>മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ :</u>

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശിലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാളൂർ എന്നിവിടങ്ങളിൽ മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററുകളിൽ ആവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

7. <u>ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്പെഷ്യൽ അങ്കണവാടികൾ :</u>

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ പ്രശ്നങ്ങൾ തുടങ്ങി പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി പരമാവധി കുട്ടികളെ ജനറൽ സ്കൂളുകളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഓരോ ഐ.സി.ഡി.എസ്. പ്രോജക്റ്റിലേയും ഒരു അംഗൻവാടി, നോഡൽ സ്പെഷ്യൽ അംഗൻവാടിയായും മറ്റ് രണ്ട് അംഗൻവാടികൾ സാറ്റലൈറ്റ് സ്പെഷ്യൽ അംഗൻവാടികളായും പ്രവർത്തിക്കുന്നു. ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ആവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും സ്പെഷ്യൽ അങ്കണവാടികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതുവരെ 2248 കുട്ടികൾക്ക് പരിശീലനം നൽകുകയും 1141 കുട്ടികളെ ജനറൽ സ്കൂളിൽ ചേരാൻ പ്രാപ്തരാക്കുകയും ചെയ്തിട്ടുണ്ട്.

8. <u>ഭിന്നശേഷിക്കാർക്കായുള്ള ഹെൽപ്പ് ഡെസ്ക് (1800 120 1001) :</u>

ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ ഉൾപ്പെടെയുള്ള വിവിധ വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. 1800 120 1001 എന്ന ടോൾഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്. പ്രതിദിനം ശരാശരി 150 ലധികം ഭിന്നശേഷിക്കാർ ഹെൽപ്പ് ഡെസ്കിന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നു.

9. <u>ഓട്ടിസം സെന്ററുകൾ :</u>

ഓട്ടിസം ഉള്ള കുട്ടികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ. മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെന്റൽ തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്കുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്. മെഡിക്കൽ കോളേജുകളിലെ പ്രൊഫസർ/അസിസ്റ്റന്റ് പ്രൊഫസർ (പീഡിയാട്രീഷൻ) ആണ് സെന്ററിന്റെ നോഡൽ ഓഫീസർ. പ്രതിമാസം ശരാശരി 2500–2600 കുട്ടികൾക്ക് ഈ സെന്ററുകളിലൂടെ സേവനം നൽകി വരുന്നു.

10. <u>റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ :</u>

ആധുനികവും ശാസ്ത്രീയവും ആയ സംവിധാനങ്ങൾ ഉപയോഗിച്ച് ഓട്ടിസം

മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഓട്ടിസം പരിപാലനവുമായി ബന്ധപ്പെട്ട, ഓട്ടിസം സ്കൂൾ, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള തെറാപ്പികൾ, പരിശീലനങ്ങൾ എന്നിവ ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

11. <u>ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ :</u>

ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളിലൂടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ പ്രത്യേകമായി ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ പ്രവർത്തിച്ച് വരുന്നു.

12. <u>സെറിബ്രൽ പാൾസി റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ :</u>

സെറിബ്രൽ പാൾസി ഉള്ള കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോട് കൂടിയ പുനരധിവാസ പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പഠനങ്ങളും നടത്തുന്നതിനായി ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ സെറിബ്രൽ പാൾസി റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയുള്ള തെറാപ്പികളും പരിശീലനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

13. <u>ഹോർട്ടികൾച്ചർ തെറാപ്പി :</u>

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനം നടത്തുന്ന ഒരു പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ 2018 മുതൽ നടപ്പാക്കി വരുന്നു. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് വിഭാഗം വഴിയാണ് ഹോർട്ടികൾച്ചർ തെറാപ്പിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നത്. ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും തെറാപ്പി നൽകുകയും ഇതിലൂടെ അവരെ ശാക്തീകരിച്ച് ആത്മവിശ്വാസം വളർത്തുകയും സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള ആത്മ വിശ്വാസം അവരിൽ ഉണ്ടാക്കിയെടുക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ

ഒരു ഭിന്നശേഷി സൗഹൃദ മാതൃകാ ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡനും സജ്ജമാക്കിയിട്ടുണ്ട്. ഈ പദ്ധതി കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലും 2023-24-ൽ ആരംഭിച്ചിട്ടുണ്ട്.

നിപ്മർ മുഖേന 18 വയസ്സിന് മുകളിലുള്ള ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ പദ്ധതിയുടെ ഭാഗമായി ഹോട്ടികൾച്ചർ ട്രെയിനിംഗ് നൽകി വരുന്നുണ്ട്.

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ നടത്തുന്നതിന്റെ ഭാഗമായി ഒരു സമഗ്ര പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ 2018 മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ- സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നടപ്പാക്കി വരുന്നു. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് വിഭാഗം വഴിയാണ് ഹോർട്ടികൾച്ചർ തെറാപ്പിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നത്. ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും തെറാപ്പി നൽകുകയും അവരെ ശാക്തീകരിച്ച് സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള ആത്മ വിശ്വാസം അവരിൽ ഉണ്ടാക്കിയെടുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ ഒരു ഭിന്നശേഷി സൗഹൃദ മാതൃകാ ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡനും സജ്ജമാക്കിയിട്ടുണ്ട്. പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി 2023-24 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലും ഈ പദ്ധതി നടപ്പിലാക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയിലൂടെ വിപുലീകരണത്തിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ 'ഹോർട്ടികൾച്ചർ തെറാപ്പി ഫെസിലിറ്റേറ്റർ' മാരെ സജ്ജമാക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിനായി എല്ലാ ജില്ലകളിലും ഹോർട്ടികൾച്ചർ തെറാപ്പി സംബന്ധിച്ച പരിശീലനങ്ങൾ നൽകുന്നതിനും, ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡൻ തയ്യാറാക്കുന്നതിനുള്ള സഹായങ്ങൾ നൽകുന്നതിനുമായി 'ഹോർട്ടികൾച്ചർ തെറാപ്പി ഫെസിലിറ്റേറ്റർ' എന്ന രീതിയിൽ ഒരു എക്സ്പെർട്ട് ടീം പദ്ധതിയുടെ ഭാഗമായി രൂപീകരിക്കുകയും, ഒരു ജില്ലയിൽ നിന്നും ഈ മേഖലയിൽ താൽപര്യമുള്ള 5 പേരെ തെരഞ്ഞെടുത്ത് അവർക്ക് ആവശ്യമായ പരിശിലനം കാർഷിക സർവ്വകലാശാല വഴി നൽകി ഇവരെ ഹോർട്ടികൾച്ചർ തെറാപ്പി ഫെസിലിറ്റേറ്റർമാരായി സജ്ജമാക്കുക എന്നതാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഓരോ ജില്ലയിൽ നിന്നും തെരെഞ്ഞെടുക്കുന്ന ഫെസിലിറ്റേറ്റർമാർ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അതാത് ജില്ലകളിൽ ഫെസിലിറ്റേറ്റ് ചെയ്യുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ പടന്നകാട് കാർഷിക കോളേജിലും, വെള്ളായണി കാർഷിക കോളേജിലുമായി അഡോൾസെന്റ്

വിത്ത് ഡിസെബിലിറ്റീസിൽ 55 ഫെസിലിറ്റേഴ്സിനും മറ്റു വിഭാഗത്തിലായി 386 പേർക്കും പരിശീലനം നൽകി കഴിഞ്ഞിട്ടുണ്ട്.

14. <u>ഗുരുതരമായ നാഡീവ്യൂഹ വ്യവസ്ഥാ തകരാറുകൾ ബാധിച്ചവർക്കായുള്ള പദ്ധതികൾ :</u>

നാഡീവ്യൂഹ വ്യവസ്ഥയിലെ ഗുരുതരമായ തകരാറുകൾ കാരണം വിവിധ പ്രയാസങ്ങളും, വൈകല്യങ്ങളും ബാധിച്ചവർക്കുള്ള സേവനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഇരിങ്ങാലക്കുട നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ഗേറ്റ് ആന്റ് മോഷൻ അനാലിസിസ് ലാബ് സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രത്തിൽ പ്രവർത്തിച്ച് വരുന്ന സ്പൈനൽ ഇഞ്ചുറി പുനരധിവാസ കേന്ദ്രത്തിൽ ഈ വിഭാഗം രോഗികൾക്കാവശ്യമായ സീലിംഗ് ലിഫ്റ്റ്, സെക്കണ്ടറി കോംപ്ലിക്കേഷൻ അസസ്മെന്റ് മോണിറ്ററിംഗ് സംവിധാനങ്ങൾ, പേഷ്യന്റ് സപ്പോർട്ട് സർവ്വീസുകളുടെ ശാക്തീകരണം തുടങ്ങിയവ ലഭ്യമാക്കുന്നതിനും വേണ്ട ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

15. <u>റീഹാബ് എക്സ്പ്രസ് :</u>

ഭിന്നശേഷിക്കാർക്ക് തെറാപ്പികൾ ഉൾപ്പെടെയുള്ള ഇടപെടലുകൾ ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന വ്യക്തിഗത ഭിന്നശേഷി സഹായ ഉപകരണ വിതരണ പദ്ധതികളിൽ അസസ്മെന്റ്, പരിശീലനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷനുമായി ചേർന്ന് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് റീഹാബ് എക്സ്പ്രസ്സ് എന്ന ഒരു മൊബൈൽ യൂണിറ്റ് നടപ്പിലാക്കി വരുന്നു.

16. <u>ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ :</u>

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കി ദേശീയ ആരോഗ്യ ദൗത്യത്തിന് കൈമാറിയിട്ടുണ്ട്.

**<u>അനുബന്ധം – 1</u>**

## സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

- <u>വിദ്യാജ്യോതി പദ്ധതി</u>

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരായ ഒൻപതാം ക്ലാസ്സ് മുതൽ PG തലം വരെയുള്ള വിദ്യാർത്ഥികൾക്ക് പഠന അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകി വരുന്നു. മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2023 –24 സാമ്പത്തിക വർഷം 588 പേർക്കായി 13,09,078/– രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

- <u>വിദൂര വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ധനസഹായപദ്ധതി</u>

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായവർക്ക് ഓപ്പൺ സ്കൂൾ / കോളേജ്, വിദൂര വിദ്യാഭ്യാസം എന്നീ സംവിധാനങ്ങളിലൂടെ ഡിഗ്രി തലത്തിലും പി. ജി. തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വർഷം പരമാവധി 10,000/– രൂപ ധനസഹായം നൽകുന്നു. മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2023 –24 സാമ്പത്തിക വർഷം 2 പേർക്കായി 14895/– രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

- <u>വിജയാമൃതം പദ്ധതി</u>

വൈകല്യത്തോട് പൊരുതി പഠിച്ച് കേരള സർക്കാർ അംഗീകൃത ഡിഗ്രി/തത്തുല്യ കോഴ്സുകൾ, പി.ജി./പി.ജി. ക്ക് തത്തുല്യമായ പ്രൊഫഷണൽ കോഴ്സുകൾ എന്നീ തലത്തിൽ നേരിട്ടോ വിദൂര വിദ്യാഭ്യാസം/പാരലൽ വിദ്യാഭ്യാസം വഴിയോ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്നു. മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2023–24 സാമ്പത്തിക വർഷം 27 പേർക്കായി 363661/– രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

- <u>ശ്രേഷ്ഠം പദ്ധതി</u>

ഭിന്നശേഷിക്കാർക്ക് കലാകായിക രംഗങ്ങളിൽ തുല്യത ഉറപ്പുവരുത്തുന്നതിനായി, ഈ മേഖലകളിൽ പങ്കെടുക്കുന്ന/മികവു പുലർത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അവരുടെ കഴിവ് / കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃതസ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നതിന് ധനസഹായം നൽകുന്നു.

- <u>സഹചാരി പദ്ധതി</u>

ഗവൺമെന്റ്, എയ്ഡഡ്, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠന കാര്യത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതും വിദ്യഭ്യാസ സ്ഥാപനത്തിന് പുറത്തും ഭിന്നശേഷിക്കാർക്കായി നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിലും മറ്റ പരിപാടികളിലും സഹായിക്കുന്നതുമായ NSS/NCC/SPC യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി. 2023-24 സാമ്പത്തിക വർഷം 5 പേർക്കായി 43211 /- രൂപ അനുവദിച്ചു.

- <u>ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്</u>

40 % യോഗ്യതാ മാർക്കുള്ള ഒന്നാം ക്ലാസ് മുതൽ പ്രൊഫഷണൽ, പി.ജി. കോഴ്സസ് വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. 2023-24 സാമ്പത്തിക വർഷം 18 വിദ്യാർത്ഥികൾക്കായി 1,87,000/-രൂപ അനുവദിച്ചു.

**അനുബന്ധം– 2**

## സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് – അനുയാത്രാ പദ്ധതിയിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് നടത്തുന്ന പദ്ധതികൾ

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട പദ്ധതികൾ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിലൂടെയാണ് (SID) ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. വൈകല്യങ്ങൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുക, വൈകല്യം എത്രയും നേരത്തെ കണ്ടെത്തുക, ആവശ്യമായ ഇടപെടലുകളിലൂടെ വൈകല്യത്തിന്റെ തീവ്രത ലഘൂകരിക്കുക (Early Screening, Early Detections and Early Intervention), ഇതിനാവശ്യമായ സ്ഥാപന സംവിധാനങ്ങളുമായി Organized Network of Institution സ്ഥാപിക്കുക എന്ന സമീപനത്തിലധിഷ്ഠിതമായാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പ്രവർത്തിച്ചു വരുന്നത്. 2017 ജൂൺ മാസം മുതൽ അനുയാത്ര എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടിയുടെ ഭാഗമായാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പ്രോജക്ടുകളുടെ നിർവ്വഹണം നടത്തി വരുന്നത്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ, ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ചാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതികൾ നടപ്പാക്കുന്നത്.

### 1. സർക്കാർ ആശുപത്രികളിൽ നവജാത ശിശുക്കളുടെ കേൾവി പരിശോധന

കുഞ്ഞുങ്ങളിലെ കേൾവി സംബന്ധമായ പ്രശ്നങ്ങൾ എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനായി ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 61 സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. മറ്റു ആശുപത്രികളിൽ ജനിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രങ്ങളിലെത്തി സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി പരിശീലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. പ്രസവശേഷം അമ്മയും കുഞ്ഞും ആശുപത്രി വിടുന്നതിന് മുൻപായി തന്നെ കുഞ്ഞുങ്ങളുടെ കേൾവി പരിശോധന നടത്തുന്നു. ഈ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ, JPHN മാരുടെ

വേതനം, പരിശീലനം തുടങ്ങിയവ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിൽ നിന്നും നൽകുന്നു. പ്രതിവർഷം സംസ്ഥാനത്ത് ശരാശരി 1,20,000 ലധികം കുട്ടികളുടെ കേൾവി പരിശോധന ഈ പദ്ധതിയിലൂടെ നടത്തുകയും കേൾവി പ്രശ്നങ്ങൾ കണ്ടെത്തുന്ന കുട്ടികൾക്കാവശ്യമായ തുടർ പ്രവർത്തനങ്ങൾ ഒരുക്കുകയും ചെയ്യുന്നു.

2. **കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA പരിശോധന**

നവജാത ശിശുക്കളുടെ കേൾവി പരിശോധനയിൽ കേൾവി പ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA (Brain Evoked Response Audiometry) സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ ജില്ലാ / ജനറൽ ആശുപത്രികളിൽ പ്രവർത്തിക്കുന്ന നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നെസ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്.

3. **ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ**

കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും, കോക്ലിയാർ ഇംപ്ലാന്റേഷൻ ആവശ്യമുള്ളവർക്കും ഇംപ്ലാന്റേഷന് മുൻപുള്ള പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും ഇംപ്ലാന്റേഷന് ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും നൽകുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (NIPMR), കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള സർക്കാർ മെഡിക്കൽ കോളേജുകളിലെ ENT വിഭാഗം എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ച് നൽകിയിട്ടുണ്ട്.

4. **റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെർ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെറുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്കാണ് ഈ കേന്ദ്രങ്ങളിലൂടെ സേവനം നൽകുന്നത്. ഇവരിൽ തന്നെ അനുബന്ധ രോഗങ്ങൾ ഉള്ളവർ, പ്രാരംഭ ഇടപെടൽ

കേന്ദ്രങ്ങളിൽ നിന്നും refer ചെയ്യുന്നവർ, എന്നിവർക്കാണ് റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെറുകളിൽ മുൻഗണന നൽകുന്നത്. സ്ക്രീനിംഗ്, ഏർളി ഇന്റെർവെൻഷൻ, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സ തുടങ്ങിയവ ഈ സെന്റെറുകളിലൂടെ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ വിഭാഗത്തിലെ ഒരു പ്രൊഫസർ / അസിസ്റ്റന്റ് പ്രൊഫസർ ആണ് ഈ കേന്ദ്രത്തിന്റെ നോഡൽ ഓഫീസർ. ഓരോ കേന്ദ്രത്തിലും ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെന്റൽ തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ് ഒക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ എന്നീ വിദഗ്ധരുടെ സേവനവും REIC മാനേജരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. പ്രതിവർഷം ശരാശരി **25,000** കുട്ടികൾക്ക് ഈ കേന്ദ്രങ്ങളിലൂടെ സേവനം ലഭ്യമാക്കി വരുന്നു.

### 5. മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ

ഭിന്നശേഷിക്കാർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ വിവിധ കാരണങ്ങളാൽ പലരും പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെന്റൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം) മുഖേനയാണ് മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്.

### 6. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റെറുകൾ

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റെറുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റെറുകൾ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ

മുനിസിപ്പാലിറ്റിയിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാളൂർ എന്നിവിടങ്ങളിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളിൽ ആവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

### 7. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്പെഷ്യൽ അങ്കണവാടികൾ

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ പ്രശ്നങ്ങൾ തുടങ്ങി പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി പരമാവധി കുട്ടികളെ ജനറൽ സ്കൂളുകളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഓരോ ഐ.സി.ഡി.എസ് പ്രോജക്റ്റിലേയും ഒരു അംഗൻവാടി, നോഡൽ സ്പെഷ്യൽ അംഗൻവാടിയായും മറ്റ് രണ്ട് അംഗൻവാടികൾ സാറ്റലൈറ്റ് സ്പെഷ്യൽ അംഗൻവാടികളായും പ്രവർത്തിക്കുന്നു. ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ആവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും സ്പെഷ്യൽ അങ്കണവാടികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതുവരെ **2248** കുട്ടികൾക്ക് പരിശീലനം നൽകുകയും **1141** കുട്ടികളെ ജനറൽ സ്കൂളിൽ ചേരാൻ പ്രാപ്തരാക്കുകയും ചെയ്തിട്ടുണ്ട്.

### 8. ഭിന്നശേഷിക്കാർക്കായുള്ള ഹെൽപ്പ് ഡെസ്ക് (1800 120 1001)

ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ ഉൾപ്പെടെയുള്ള വിവിധ വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. 1800 120 1001 എന്ന ടോൾഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്. പ്രതിദിനം ശരാശരി **150** ലധികം ഭിന്നശേഷിക്കാർ ഹെൽപ്പ് ഡെസ്കിന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നു.

## 9. ഓട്ടിസം സെന്ററുകൾ

ഓട്ടിസം ഉള്ള കുട്ടികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെൻററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെന്റൽ തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്കുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്. മെഡിക്കൽ കോളേജുകളിലെ പ്രൊഫസർ / അസിസ്റ്റന്റ് പ്രൊഫസർ (പീഡിയാട്രീഷൻ) ആണ് സെന്ററിന്റെ നോഡൽ ഓഫീസർ. പ്രതിമാസം ശരാശരി **2500-2600** കുട്ടികൾക്ക് ഈ സെന്ററുകളിലൂടെ സേവനം നൽകി വരുന്നു.

## 10. റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റർ

ആധുനികവും ശാസ്ത്രീയവും ആയ സംവിധാനങ്ങൾ ഉപയോഗിച്ച് ഓട്ടിസം മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഓട്ടിസം പരിപാലനവുമായി ബന്ധപ്പെട്ട്, ഓട്ടിസം സ്കൂൾ, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള തെറാപ്പികൾ, പരിശീലനങ്ങൾ എന്നിവ ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

## 11. ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ

ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളിലൂടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ പ്രത്യേകമായി

ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ പ്രവർത്തിച്ച് വരുന്നു.

## 12. സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ

സെറിബ്രൽ പാൾസി ഉള്ള കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോട് കൂടിയ പുനരധിവാസ പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പഠനങ്ങളും നടത്തുന്നതിനായി ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ യുള്ള തെറാപ്പികളും പരിശീലനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

## 13. ഹോർട്ടികൾച്ചർ തെറാപ്പി

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനം നടത്തുന്ന ഒരു പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ 2018 മുതൽ നടപ്പാക്കി വരുന്നു. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് വിഭാഗം വഴിയാണ് ഹോർട്ടികൾച്ചർ തെറാപ്പിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നത്.

ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും തെറാപ്പി നൽകുകയും ഇതിലൂടെ അവരെ ശാക്തീകരിച്ച ആത്മവിശ്വാസം വളർത്തുന്നതിനും സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള ആത്മ വിശ്വാസം അവരിൽ ഉണ്ടാക്കിയെടുക്കയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ ഒരു ഭിന്നശേഷി സൗഹൃദ മാതൃകാ ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡനും സജ്ജമാക്കിയിട്ടുണ്ട്. ഈ പദ്ധതി കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലും ആരംഭിച്ചിട്ടുണ്ട്.

**14. ഗുരുതരമായ നാഡീവ്യൂഹ വ്യവസ്ഥാ തകരാറുകൾ ബാധിച്ചവർക്കായുള്ള പദ്ധതികൾ**

നാഡീവ്യൂഹ വ്യവസ്ഥയിലെ ഗുരുതരമായ തകരാറുകൾ കാരണം വിവിധ പ്രയാസങ്ങളും, വൈകല്യങ്ങളും ബാധിച്ചവർക്കുള്ള സേവനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഇരിങ്ങാലക്കുട നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ഗേറ്റ് ആന്റ് മോഷൻ അനാലിസിസ് ലാബ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഈ കേന്ദ്രത്തിൽ പ്രവർത്തിച്ച് വരുന്ന സ്പൈനൽ ഇഞ്ചുറി പുനരധിവാസ കേന്ദ്രത്തിൽ ഈ വിഭാഗം രോഗികൾക്കാവശ്യമായ സീലിംഗ് ലിഫ്റ്റ്, സെക്കണ്ടറി കോംപ്ലിക്കേഷൻ അസ്സസ്മെന്റ് മോണിറ്ററിംഗ് സംവിധാനങ്ങൾ, പേഷ്യൻറ് സപ്പോർട്ട് സർവ്വീസുകളുടെ ശാക്തീകരണം തുടങ്ങിയവ ലഭ്യമാക്കുന്നതിനും വേണ്ട ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

**15. റീഹാബ് എക്സ്പ്രസ്**

ഭിന്നശേഷിക്കാർക്ക് തെറാപ്പികൾ ഉൾപ്പെടെയുള്ള ഇടപെടലുകൾ ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന വ്യക്തിഗത ഭിന്നശേഷി സഹായ ഉപകരണ വിതരണ പദ്ധതികളിൽ അസ്സസ്മെൻറ്, പരിശീലനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുമായി NIPMR മായി ചേർന്ന് സ്റ്റേറ്റ് ഇനിഷ്യേറ്റിവ് ഓൺ ഡിസെബിലിറ്റീസ് റീഹാബ് എക്സ്പ്രസ്സ് എന്ന ഒരു മൊബൈൽ യൂണിറ്റ് നടപ്പിലാക്കി വരുന്നു.

**16. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കി ദേശീയ ആരോഗ്യ ദൗത്യത്തിന് കൈമാറിയിട്ടുണ്ട്.

**അനുബന്ധം -3**

## നിപ്മർ മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

- എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ (Em-Voc)

ഭിന്നശേഷിക്കാരായ 18 വയസ്സിന് മുകളിലുള്ള കുട്ടികളുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനായി എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ (Em-Voc) പദ്ധതി നടപ്പിലാക്കി വരുന്നു. Em-Voc പദ്ധതിയിൽ പ്രത്യേക തൊഴിൽ മേഖലയിലെ അഭിരുചി, ശാരീരിക, മാനസിക ക്ഷമത എന്നിവ വിലയിരുത്തി അനുയോജ്യമായ ട്രേഡിൽ പരിശീലനം നൽകുന്നു.

- ഭിന്നശേഷിക്കാർക്ക് സ്പോർട്സ് ആന്റ് ഗെയിം ആക്ടിവിറ്റി സോൺ

ഭിന്നശേഷിക്കാരുടെ മാനസിക ഉല്ലാസത്തിനൊപ്പം തെറാപ്പിയുടെ ഭാഗമായും ഉപയോഗിക്കാവുന്ന രീതിയിൽ സജ്ജീകരിച്ചിരിക്കുന്ന യൂണിറ്റാണ് സ്പോർട്സ് ആന്റ് ഗെയിം ആക്ടിവിറ്റി സോൺ. സ്കേറ്റിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഇവിടെ നടപ്പിലാക്കുന്നു.

## നിഷ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

- ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വിജ് പതോളജി വിഭാഗം-കുട്ടികളുടെയും മുതിർന്നവരുടെയും കേൾവിശക്തി പരിശോധിച്ച് അനുയോജ്യമായ ശ്രവണസഹായി നിർദ്ദേശിക്കുകയും ചെവിയുടെ അളവിനനുസരിച്ച് ഇയർമോൾഡ് നിർമ്മിച്ച് ശ്രവണസഹായി ഘടിപ്പിക്കുകയും ശ്രവണ പരിശീലനം നൽകുകയും ചെയുന്നു.
- ന്യൂറോ ഡെവലപ്മെന്റൽ സയൻസസ് വിഭാഗം-കുട്ടികളിലെ നാഡീവ്യൂഹ വളർച്ചയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് സേവനങ്ങൾ നൽകുന്നു.
- ഒക്യുപേഷണൽ തെറാപ്പി-ഓട്ടിസം, നാഡീവികാസപരമായ തകരാറുകൾ, ജനിതക തകരാറുകൾ , പഠനപരിമിതികൾ, അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ തുടങ്ങിയ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് ശരിയായ പ്രതികരണശേഷിയും, പെരുമാറ്റരീതിയും വളർത്തിയെടുത്ത് ദൈനംദിന ജീവിതത്തിൽ സ്വയം പര്യാപ്തരാക്കാൻ പരിശീലിപ്പിക്കുന്നു.
- കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ പ്രവർത്തന ക്ഷമത വിലയിരുത്താനുള്ള ' ശ്രുതി തരംഗം'.
- EIP – ആക്സസബിൾ ബുക്ക് ക്രീയേഷൻ പദ്ധതി
- സ്ട്രക്ച്ചേർഡ് ആന്റ് ടൈംലി എംപവർമെന്റ് ഓഫ് പേരന്റ്സ് ഓഫ് പേഴ്സൺസ് വിത് ഡിസെബിലിറ്റി (STEPP)
- ഇന്നവേഷൻ ബൈ യൂത്ത് വിത് ഡിസെബിലിറ്റീസ് (I-YwD)
- നിഷ്-സെൻസറി പാർക്ക് 'സഫൽ സെൻസറിയം'
- ഏകീകൃത ആംഗ്യഭാഷാ അക്ഷരമാല വികസനം
- കേരളാഗവൺമെന്റ് സ്ഥാപനങ്ങളുമായി ചേർന്ന്, ഓൺലൈൻ ഡിസെബിലിറ്റി അവയർനസ്സ് സെമിനാർ (NIDAS)
- കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ ശ്രവണ പരിമിതർക്കായുള്ള ബിരുദകോഴ്സുകൾ (കമ്പ്യൂട്ടർ സയൻസ്, ഫൈൻ ആർട്സ്, കൊമേഴ്സ്) നടത്തുന്നു.

**അനുബന്ധം – 1**

## സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

- വിദ്യാജ്യോതി പദ്ധതി

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരായ ഒൻപതാം ക്ലാസ്സ് മുതൽ PG തലം വരെയുള്ള വിദ്യാർത്ഥികൾക്ക് പഠന അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകി വരുന്നു. മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2023 –24 സാമ്പത്തിക വർഷം 588 പേർക്കായി 13,09,078/– രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

- വിദൂര വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ധനസഹായപദ്ധതി

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായവർക്ക് ഓപ്പൺ സ്കൂൾ / കോളേജ്, വിദൂര വിദ്യാഭ്യാസം എന്നീ സംവിധാനങ്ങളിലൂടെ ഡിഗ്രി തലത്തിലും പി. ജി. തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വർഷം പരമാവധി 10,000/– രൂപ ധനസഹായം നൽകുന്നു. മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2023 –24 സാമ്പത്തിക വർഷം 2 പേർക്കായി 14895/– രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

- വിജയാമൃതം പദ്ധതി

വൈകല്യത്തോട് പൊരുതി പഠിച്ച് കേരള സർക്കാർ അംഗീകൃത ഡിഗ്രി/തത്തുല്യ കോഴ്സുകൾ, പി.ജി./പി.ജി. ക്ക് തത്തുല്യമായ പ്രൊഫഷണൽ കോഴ്സുകൾ എന്നീ തലത്തിൽ നേരിട്ടോ വിദൂര വിദ്യാഭ്യാസം/പാരലൽ വിദ്യാഭ്യാസം വഴിയോ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്നു. മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2023–24 സാമ്പത്തിക വർഷം 27 പേർക്കായി 363661/– രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

- ശ്രേഷ്ഠം പദ്ധതി

ഭിന്നശേഷിക്കാർക്ക് കലാകായിക രംഗങ്ങളിൽ തുല്യത ഉറപ്പുവരുത്തുന്നതിനായി, ഈ മേഖലകളിൽ പങ്കെടുക്കുന്ന/മികവു പുലർത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അവരുടെ കഴിവ് / കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃതസ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നതിന് ധനസഹായം നൽകുന്നു.

- <u>സഹചാരി പദ്ധതി</u>

ഗവൺമെന്റ്, എയ്ഡഡ്, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠന കാര്യത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതും വിദ്യഭ്യാസ സ്ഥാപനത്തിന് പുറത്തും ഭിന്നശേഷിക്കാർക്കായി നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിലും മറ്റ പരിപാടികളിലും സഹായിക്കുന്നതുമായ NSS/NCC/SPC യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി. 2023-24 സാമ്പത്തിക വർഷം 5 പേർക്കായി 43211 /- രൂപ അനുവദിച്ചു.

- <u>ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്</u>

40 % യോഗ്യതാ മാർക്കുള്ള ഒന്നാം ക്ലാസ് മുതൽ പ്രൊഫഷണൽ, പി.ജി. കോഴ്സസ് വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. 2023-24 സാമ്പത്തിക വർഷം 18 വിദ്യാർത്ഥികൾക്കായി 1,87,000/-രൂപ അനുവദിച്ചു.

**അനുബന്ധം– 2**

## സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് – അനുയാത്രാ പദ്ധതിയിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് നടത്തുന്ന പദ്ധതികൾ

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട പദ്ധതികൾ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിലൂടെയാണ് (SID) ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. വൈകല്യങ്ങൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുക, വൈകല്യം എത്രയും നേരത്തെ കണ്ടെത്തുക, ആവശ്യമായ ഇടപെടലുകളിലൂടെ വൈകല്യത്തിന്റെ തീവ്രത ലഘൂകരിക്കുക (Early Screening, Early Detections and Early Intervention), ഇതിനാവശ്യമായ സ്ഥാപന സംവിധാനങ്ങളുമായി Organized Network of Institution സ്ഥാപിക്കുക എന്ന സമീപനത്തിലധിഷ്ഠിതമായാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പ്രവർത്തിച്ചു വരുന്നത്. 2017 ജൂൺ മാസം മുതൽ അനുയാത്ര എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടിയുടെ ഭാഗമായാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പ്രോജക്ടുകളുടെ നിർവ്വഹണം നടത്തി വരുന്നത്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ, ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ചാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതികൾ നടപ്പാക്കുന്നത്.

### 1. സർക്കാർ ആശുപത്രികളിൽ നവജാത ശിശുക്കളുടെ കേൾവി പരിശോധന

കുഞ്ഞുങ്ങളിലെ കേൾവി സംബന്ധമായ പ്രശ്നങ്ങൾ എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനായി ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 61 സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. മറ്റു ആശുപത്രികളിൽ ജനിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രങ്ങളിലെത്തി സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി പരിശീലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. പ്രസവശേഷം അമ്മയും കുഞ്ഞും ആശുപത്രി വിടുന്നതിന് മുൻപായി തന്നെ കുഞ്ഞുങ്ങളുടെ കേൾവി പരിശോധന നടത്തുന്നു. ഈ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ, JPHN മാരുടെ

വേതനം, പരിശീലനം തുടങ്ങിയവ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിൽ നിന്നും നൽകുന്നു. പ്രതിവർഷം സംസ്ഥാനത്ത് ശരാശരി 1,20,000 ലധികം കുട്ടികളുടെ കേൾവി പരിശോധന ഈ പദ്ധതിയിലൂടെ നടത്തുകയും കേൾവി പ്രശ്നങ്ങൾ കണ്ടെത്തുന്ന കുട്ടികൾക്കാവശ്യമായ തുടർ പ്രവർത്തനങ്ങൾ ഒരുക്കുകയും ചെയ്യുന്നു.

2. **കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA പരിശോധന**

നവജാത ശിശുക്കളുടെ കേൾവി പരിശോധനയിൽ കേൾവി പ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA (Brain Evoked Response Audiometry) സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ ജില്ലാ / ജനറൽ ആശുപത്രികളിൽ പ്രവർത്തിക്കുന്ന നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നെസ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്.

3. **ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ**

കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും, കോക്ലിയാർ ഇംപ്ലാന്റേഷൻ ആവശ്യമുള്ളവർക്കും ഇംപ്ലാന്റേഷന് മുൻപുള്ള പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും ഇംപ്ലാന്റേഷന് ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും നൽകുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (NIPMR), കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള സർക്കാർ മെഡിക്കൽ കോളേജുകളിലെ ENT വിഭാഗം എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ച് നൽകിയിട്ടുണ്ട്.

4. **റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെർ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെറുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്കാണ് ഈ കേന്ദ്രങ്ങളിലൂടെ സേവനം നൽകുന്നത്. ഇവരിൽ തന്നെ അനുബന്ധ രോഗങ്ങൾ ഉള്ളവർ, പ്രാരംഭ ഇടപെടൽ

കേന്ദ്രങ്ങളിൽ നിന്നും refer ചെയ്യുന്നവർ, എന്നിവർക്കാണ് റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെറുകളിൽ മുൻഗണന നൽകുന്നത്. സ്ക്രീനിംഗ്, ഏർളി ഇന്റെർവെൻഷൻ, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സ തുടങ്ങിയവ ഈ സെന്റെറുകളിലൂടെ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ വിഭാഗത്തിലെ ഒരു പ്രൊഫസർ / അസിസ്റ്റന്റ് പ്രൊഫസർ ആണ് ഈ കേന്ദ്രത്തിന്റെ നോഡൽ ഓഫീസർ. ഓരോ കേന്ദ്രത്തിലും ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെന്റൽ തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ് ഒക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ എന്നീ വിദഗ്ധരുടെ സേവനവും REIC മാനേജരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. പ്രതിവർഷം ശരാശരി **25,000** കുട്ടികൾക്ക് ഈ കേന്ദ്രങ്ങളിലൂടെ സേവനം ലഭ്യമാക്കി വരുന്നു.

### 5. മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ

ഭിന്നശേഷിക്കാർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ വിവിധ കാരണങ്ങളാൽ പലരും പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെന്റൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം) മുഖേനയാണ് മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്.

### 6. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റെറുകൾ

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റെറുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റെറുകൾ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ

മുനിസിപ്പാലിറ്റിയിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാലൂർ എന്നിവിടങ്ങളിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളിൽ ആവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

7. **ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്പെഷ്യൽ അങ്കണവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ പ്രശ്നങ്ങൾ തുടങ്ങി പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി പരമാവധി കുട്ടികളെ ജനറൽ സ്കൂളുകളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഓരോ ഐ.സി.ഡി.എസ് പ്രോജക്റ്റിലേയും ഒരു അംഗൻവാടി, നോഡൽ സ്പെഷ്യൽ അംഗൻവാടിയായും മറ്റ് രണ്ട് അംഗൻവാടികൾ സാറ്റലൈറ്റ് സ്പെഷ്യൽ അംഗൻവാടികളായും പ്രവർത്തിക്കുന്നു. ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ആവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും സ്പെഷ്യൽ അങ്കണവാടികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതുവരെ **2248** കുട്ടികൾക്ക് പരിശീലനം നൽകുകയും **1141** കുട്ടികളെ ജനറൽ സ്കൂളിൽ ചേരാൻ പ്രാപ്തരാക്കുകയും ചെയ്തിട്ടുണ്ട്.

8. **ഭിന്നശേഷിക്കാർക്കായുള്ള ഹെൽപ്പ് ഡെസ്ക്** (1800 120 1001)

ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ ഉൾപ്പെടെയുള്ള വിവിധ വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. 1800 120 1001 എന്ന ടോൾഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്. പ്രതിദിനം ശരാശരി **150** ലധികം ഭിന്നശേഷിക്കാർ ഹെൽപ്പ് ഡെസ്കിന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നു.

## 9. ഓട്ടിസം സെന്ററുകൾ

ഓട്ടിസം ഉള്ള കുട്ടികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെൻററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെന്റൽ തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്കുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്. മെഡിക്കൽ കോളേജുകളിലെ പ്രൊഫസർ / അസിസ്റ്റന്റ് പ്രൊഫസർ (പീഡിയാട്രീഷൻ) ആണ് സെന്ററിന്റെ നോഡൽ ഓഫീസർ. പ്രതിമാസം ശരാശരി **2500-2600** കുട്ടികൾക്ക് ഈ സെന്ററുകളിലൂടെ സേവനം നൽകി വരുന്നു.

## 10. റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റർ

ആധുനികവും ശാസ്ത്രീയവും ആയ സംവിധാനങ്ങൾ ഉപയോഗിച്ച് ഓട്ടിസം മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഓട്ടിസം പരിപാലനവുമായി ബന്ധപ്പെട്ട്, ഓട്ടിസം സ്കൂൾ, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള തെറാപ്പികൾ, പരിശീലനങ്ങൾ എന്നിവ ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

## 11. ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ

ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളിലൂടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ പ്രത്യേകമായി

ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോട്ടു കൂടിയ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ പ്രവർത്തിച്ച് വരുന്നു.

### 12. സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ

സെറിബ്രൽ പാൾസി ഉള്ള കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോട് കൂടിയ പുനരധിവാസ പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പഠനങ്ങളും നടത്തുന്നതിനായി ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ യുള്ള തെറാപ്പികളും പരിശീലനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

### 13. ഹോർട്ടികൾച്ചർ തെറാപ്പി

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനം നടത്തുന്ന ഒരു പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ 2018 മുതൽ നടപ്പാക്കി വരുന്നു. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് വിഭാഗം വഴിയാണ് ഹോർട്ടികൾച്ചർ തെറാപ്പിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നത്.

ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും തെറാപ്പി നൽകുകയും ഇതിലൂടെ അവരെ ശാക്തീകരിച്ചു ആത്മവിശ്വാസം വളർത്തുന്നതിനും സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള ആത്മ വിശ്വാസം അവരിൽ ഉണ്ടാക്കിയെടുക്കയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ ഒരു ഭിന്നശേഷി സൗഹൃദ മാതൃകാ ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡനും സജ്ജമാക്കിയിട്ടുണ്ട്. ഈ പദ്ധതി കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലും ആരംഭിച്ചിട്ടുണ്ട്.

**14. ഗുരുതരമായ നാഡീവ്യൂഹ വ്യവസ്ഥാ തകരാറുകൾ ബാധിച്ചവർക്കായുള്ള പദ്ധതികൾ**

നാഡീവ്യൂഹ വ്യവസ്ഥയിലെ ഗുരുതരമായ തകരാറുകൾ കാരണം വിവിധ പ്രയാസങ്ങളും, വൈകല്യങ്ങളും ബാധിച്ചവർക്കുള്ള സേവനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഇരിങ്ങാലക്കുട നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ഗേറ്റ് ആന്റ് മോഷൻ അനാലിസിസ് ലാബ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഈ കേന്ദ്രത്തിൽ പ്രവർത്തിച്ച് വരുന്ന സ്പൈനൽ ഇഞ്ചുറി പുനരധിവാസ കേന്ദ്രത്തിൽ ഈ വിഭാഗം രോഗികൾക്കാവശ്യമായ സീലിംഗ് ലിഫ്റ്റ്, സെക്കണ്ടറി കോംപ്ലിക്കേഷൻ അസ്സസ്സ്മെന്റ് മോണിറ്ററിംഗ് സംവിധാനങ്ങൾ, പേഷ്യൻറ് സപ്പോർട്ട് സർവ്വീസുകളുടെ ശാക്തീകരണം തുടങ്ങിയവ ലഭ്യമാക്കുന്നതിനും വേണ്ട ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

**15. റീഹാബ് എക്സ്പ്രസ്**

ഭിന്നശേഷിക്കാർക്ക് തെറാപ്പികൾ ഉൾപ്പെടെയുള്ള ഇടപെടലുകൾ ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന വ്യക്തിഗത ഭിന്നശേഷി സഹായ ഉപകരണ വിതരണ പദ്ധതികളിൽ അസ്സസ്സ്മെൻറ്, പരിശീലനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുമായി NIPMR മായി ചേർന്ന് സ്റ്റേറ്റ് ഇനിഷ്യേറ്റിവ് ഓൺ ഡിസെബിലിറ്റീസ് റീഹാബ് എക്സ്പ്രസ്സ് എന്ന ഒരു മൊബൈൽ യൂണിറ്റ് നടപ്പിലാക്കി വരുന്നു.

**16. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കി ദേശീയ ആരോഗ്യ ദൗത്യത്തിന് കൈമാറിയിട്ടുണ്ട്.

**അനുബന്ധം -3**

## നിപ്മർ മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

- എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ (Em-Voc)

ഭിന്നശേഷിക്കാരായ 18 വയസ്സിന് മുകളിലുള്ള കുട്ടികളുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനായി എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ (Em-Voc) പദ്ധതി നടപ്പിലാക്കി വരുന്നു. Em-Voc പദ്ധതിയിൽ പ്രത്യേക തൊഴിൽ മേഖലയിലെ അഭിരുചി, ശാരീരിക, മാനസിക ക്ഷമത എന്നിവ വിലയിരുത്തി അനുയോജ്യമായ ട്രേഡിൽ പരിശീലനം നൽകുന്നു.

- ഭിന്നശേഷിക്കാർക്ക് സ്പോർട്സ് ആന്റ് ഗെയിം ആക്റ്റിവിറ്റി സോൺ

ഭിന്നശേഷിക്കാരുടെ മാനസിക ഉല്ലാസത്തിനൊപ്പം തെറാപ്പിയുടെ ഭാഗമായും ഉപയോഗിക്കാവുന്ന രീതിയിൽ സജ്ജീകരിച്ചിരിക്കുന്ന യൂണിറ്റാണ് സ്പോർട്സ് ആന്റ് ഗെയിം ആക്റ്റിവിറ്റി സോൺ. സ്കേറ്റിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഇവിടെ നടപ്പിലാക്കുന്നു.

**അനുബന്ധം – 4**

**നിഷ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ**

- ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വിജ് പതോളജി വിഭാഗം–കുട്ടികളുടെയും മുതിർന്നവരുടെയും കേൾവിശക്തി പരിശോധിച്ച് അനുയോജ്യമായ ശ്രവണസഹായി നിർദ്ദേശിക്കുകയും ചെവിയുടെ അളവിനനുസരിച്ച് ഇയർമോൾഡ് നിർമ്മിച്ച് ശ്രവണസഹായി ഘടിപ്പിക്കുകയും ശ്രവണ പരിശീലനം നൽകുകയും ചെയുന്നു.
- ന്യൂറോ ഡെവലപ്മെന്റൽ സയൻസസ് വിഭാഗം–കുട്ടികളിലെ നാഡീവ്യൂഹ വളർച്ചയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് സേവനങ്ങൾ നൽകുന്നു.
- ഒക്യുപേഷണൽ തെറാപ്പി-ഓട്ടിസം, നാഡീവികാസപരമായ തകരാറുകൾ, ജനിതക തകരാറുകൾ , പഠനപരിമിതികൾ, അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്റ്റിവിറ്റി ഡിസോർഡർ തുടങ്ങിയ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് ശരിയായ പ്രതികരണശേഷിയും, പെരുമാറ്റരീതിയും വളർത്തിയെടുത്ത് ദൈനംദിന ജീവിതത്തിൽ സ്വയം പര്യാപ്തരാക്കാൻ പരിശീലിപ്പിക്കുന്നു.
- കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ പ്രവർത്തന ക്ഷമത വിലയിരുത്താനുള്ള ' ശ്രുതി തരംഗം'.
- EIP – ആക്സസബിൾ ബുക്ക് ക്രീയേഷൻ പദ്ധതി
- സ്ട്രക്ച്ചേർഡ് ആന്റ് ടൈംലി എംപവർമെന്റ് ഓഫ് പേരന്റ്സ് ഓഫ് പേഴ്സൺസ് വിത് ഡിസെബിലിറ്റി (STEPP)
- ഇന്നവേഷൻ ബൈ യൂത്ത് വിത് ഡിസെബിലിറ്റീസ് (I–YwD)
- നിഷ്–സെൻസറി പാർക്ക് 'സഫൽ സെൻസറിയം'
- ഏകീകൃത ആംഗ്യഭാഷാ അക്ഷരമാല വികസനം
- കേരളാഗവൺമെന്റ് സ്ഥാപനങ്ങളുമായി ചേർന്ന്, ഓൺലൈൻ ഡിസെബിലിറ്റി അവയർനസ്സ് സെമിനാർ (NIDAS)
- കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ ശ്രവണ പരിമിതർക്കായുള്ള ബിരുദകോഴ്സുകൾ (കമ്പ്യൂട്ടർ സയൻസ്, ഫൈൻ ആർട്സ്, കൊമേഴ്സ്) നടത്തുന്നു.